## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **11.03.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2093**

### പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. കെ. ശശീന്ദ്രൻ :** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഒരു ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് 11.02.2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഈ രംഗത്ത് കൂടുതൽ പരിഷ്കാരം വരുത്തുന്നതിനായി 1999 ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി വരുത്തുകയും, മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന "2019 -ലെ കേരള സൂക്ഷ്മ - ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>സംരംഭകർക്ക് ആവശ്യമായ വായ്പ ആവശ്യങ്ങൾക്ക് കെഎസ്ഐഡിസി കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.40% -10.40%) 3500 ലക്ഷം രൂപ വരെ പല വിധത്തിലുള്ള ധനസഹായവും മറ്റു വിധത്തിലുള്ള പിന്തുണയും നല്കി വരുന്നു. വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് തോന്നക്കലിൽ കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൊച്ചി–ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകികൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ 4,400 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്. |
| **(സി)** | കാർഷികാധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | **(സി)** | കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 3500 ലക്ഷം രൂപ വരെ പല വിധത്തിലുള്ള ധനസഹായവും മറ്റു വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നല്കി വരുന്നു. പുതിയ ഉല്പാദന വ്യവസായങ്ങൾക്ക് സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നല്കുന്നു. |

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ ബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിൽ മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതിയെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്താൻ അനുകൂലമായ മേഖലകൾ, തുടങ്ങിയവയെകുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇൻവെസ്റ്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ അടിസ്ഥാന ലക്ഷ്യം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കാമെന്നുമുള്ള സാഹചര്യം കാർഷിക മേഖലയ്ക്ക് സഹായകരമാണ്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം കാർഷിക അധിഷ്ഠിത യൂണിറ്റുകൾക്ക് 15% സബ്സിഡിക്ക് പുറമെ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപ വരെ ലഭിക്കാൻ അർഹത ഉണ്ട്. |

**സെക്ഷൻ ഓഫീസർ**